LACK OF HOSPITAL ACCOMMODATION AT RAMAVARMAPURAM

289. മിസ്റ്റർ പി. കെ. പോൾ: താഴെ പറയുന്ന ചോദ്യത്തിന്മേൽ ബഹുമാനപ്പെട്ട ഗവൺമെണ്ട് സദയം മറുപടി പറയുമോ.—

(എ) രാമവർമ്മപുരം ടെയിനിംഗ് സ്കൂളിൽ ഇക്കൊല്ലം എത്ര അദ്ധ്യാപകന്മാരും അദ്ധ്യാപികമാരും പരിശീലനം നടത്തിവരുന്നുണ്ട്;

(ബി) അവരിൽ അന്നാട്ടുകാരായി എത്രപേരുണ്ട്;

(സി) മറുനാട്ടുകാരായ അദ്ധ്യാപികമാർ എത്ര; അദ്ധ്യാപകന്മാർ എത്ര;

(ഡി) അവർക്ക് താമസസൌകര്യമുള്ള ഗവൺമെണ്ട് വക ഹോസ്റ്റലുകൾ ഉണ്ടോ;

(ഇ) താമസസ്ഥലങ്ങളുടെ അഭാവംമൂലം യുവതികളായ പല അദ്ധ്യാപികമാരും സ്കൂൾ കെട്ടിടത്തിൽതന്നെ കുറെ ദിവസം രാത്രികാലങ്ങളിൽ കഴിച്ചുകൂട്ടേണ്ടതായിവന്നുവെന്ന കേൾക്കുന്നതിൽ വല്ല പരമാർത്ഥവും ഉണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) അദ്ധ്യാപകന്മാർ ൧൭൫. അദ്ധ്യാപികമാർ ൨൪൨.

(ബി) ഏഴ് (൭).

(സി) അദ്ധ്യാപികമാർ ൨ ൪ ൦. അദ്ധ്യാപകന്മാർ ൧൩൫.

(ഡി) ഉവ്വ്. ഗവൺമെണ്ടിൽനിന്ന് വാടക കൊടുക്കുന്ന ൧൨ ഹോസ്റ്റലുകൾ ഉണ്ട്.

(ഇ) ഇല്ല.

TODDY AND ARRACK SHOPS—LOCATION OF

290. ചെയ്ധരി ജി. എസ്സ്. ധാരാസിംഗ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവൺമെണ്ട് ദയവായി മറുപടിപറയുമോ.—

കള്ള്—ചാരായം ഷാപ്പുകൾ റോഡരുകിൽനിന്നു ൪ ൦ വാര ഉള്ളിലോട്ട് മാറി സ്ഥാപിക്കണമെന്ന നിയമമില്ലേ; ഗവൺമെണ്ട് ഈ നിയമം പാലിക്കുന്നുണ്ടോ?

റാവു ബഹദൂർ ടി. കെ. നായർ:

കഴിവുള്ളത്ര അകലെ വേണമെന്നുണ്ട്. അത് പാലിക്കുന്നുമുണ്ട്.

RECEIPT OF LOANS—DETAILS REGARDING

291. മിസ്റ്റർ പി. കെ. പോൾ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവൺമെണ്ട് സദയം മറുപടി പറയുമോ.—

(എ) കോടശ്ശേരി റെയിഞ്ചർ മിസ്റ്റർ ഉണ്ണി മൂപ്പർ ഒരു കൺട്രാക്ടർ (സി. സി. മൊയ്തീൻ രാവുത്തർ അവർകൾ) പക്കൽനിന്നും ൨, ൦ ൦ ൦ ക. കടം വാങ്ങിയതു ആവശ്യപ്പെട്ടതിൽ മടക്കികൊടുക്കാതെ ഇരിക്കുന്നതുമായ വിവരങ്ങൾ ഗവൺമെണ്ടിന്റെ ദൃഷ്ടിയിൽപെട്ടിട്ടുണ്ടോ;

(ബി) ഒരു ഗവൺമെണ്ടുദ്യോഗസ്ഥനു അതേ ഡിപ്പാർട്ട്മെണ്ടിൽ ജോലികൾ നടത്തിവരുന്ന ഒരു കൺട്രാക്ടർപക്കൽനിന്നും സംഖ്യ കടംവാങ്ങാമോ?

മിസ്റ്റർ സി. ഇ൪. ഇയ്യുണ്ണി:

(എ) ഇല്ല.

(ബി) ഒരിക്കലും പാടുള്ളതല്ല.

APPOINTMENT OF EX-SERVICE MEN BY THE S. S. BOARD

292. മിസ്റ്റർ കെ. കെ കണ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവൺമെണ്ട് സദയം മറുപടി പറയുമോ.—

(എ) എപ്ലോയ്മെൻഡ് എക്സ്ചേഞ്ച് ആപ്പീസ്സിൽ എത്രപേരുടെ പേരുകൾ റജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) അവരിൽ ആകെ എത്രപേരെ പബ്ലിക്ക് സർവ്വീസിൽ നിയമിച്ചിട്ടുണ്ട്;

(സി) അവരിൽ സ്റ്റാഫ് സിലക്ഷൻ ബോർഡിൽനിന്നു നിയമിക്കപ്പെട്ടിട്ടുള്ളവർ എത്ര;

(ഡി) പട്ടാളത്തിൽ മിനിമം എത്രനാളത്തെ സർവ്വീസുള്ളവരെയാണ് ഇവിടെ സർക്കാർ ജോലികളിലേയ്ക്കു എടുക്കാവുള്ളതു?

LIBRARY ARCHIVES Kerala Legislative Assembly